# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4379 26.06.2014 -ലെ മറുപടിയ്ക്ക്

## എല്ലാ മണ്ഡലങ്ങളിലും കോളേജുകൾ ആരംഭിക്കുന്നതിനുള്ള നടപടി

*ചോദ്യം*
ശ്രീ. പി.റ്റി.എ. റഹീം

*ഉത്തരം*
ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സർക്കാർ / എയ്ഡഡ് മേഖലയിൽ കോളേജുകളില്ലാത്ത മണ്ഡലങ്ങളിൽ കോളേജുകൾ ആരംഭിക്കുന്നതിനുള്ള നടപടി ഏതു വരെയായെന്ന് വ്യക്തമാക്കുമോ; | (എ) | സർക്കാർ / എയ്ഡഡ് മേഖലയിൽ കോളേജ് നിലവില്ലായിരുന്ന 22 മണ്ഡലങ്ങൾ ഉള്ളതിൽ 13 മണ്ഡലങ്ങളിൽ സർക്കാർ കോളേജുകളും ഒരിടത്ത് എയ്ഡഡ് കോളേജും അനുവദിച്ചു.<br><br>ഉദുമ, തവനൂർ, മലമ്പുഴ, ആലത്തൂർ, ഒല്ലൂർ, വൈപ്പിൻ, കരുനാഗപ്പള്ളി, കുന്ദമംഗലം എന്നീ മണ്ഡലങ്ങളിലാണ് ഇനി കോളേജുകൾ അനുവദിക്കാനുള്ളത്.<br>കോളേജ് അനുവദിക്കേണ്ട സ്ഥലം സംബന്ധിച്ച തർക്കം മൂലമാണ് ഉദുമ മണ്ഡലത്തിൽ അനുവദിക്കാത്തത്. തവനൂർ മണ്ഡലത്തിൽ കോളേജ് അനുവദിക്കുന്ന കാര്യം അന്തിമ ഘട്ടത്തിലാണ്. കുന്ദമംഗലത്ത് കോളേജ് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. മറ്റ് മണ്ഡലങ്ങളിൽ കോളേജിനാവശ്യമായ സ്ഥലം, കെട്ടിടം തുടങ്ങിയവ സംബന്ധിച്ച വ്യക്തമായ പ്രൊപ്പോസൽ ലഭിക്കാത്തതുകാരണമാണ് അനുവദിക്കാത്തത്. |
| (ബി) | എത്രയിടങ്ങളിൽ സർക്കാരിന് സ്ഥലം കൈമാറിയിട്ടുണ്ട് ; അവ ഏതെല്ലാമാണ് ; | (ബി) | സ്ഥലം സർക്കാരിനു കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |
| (സി) | എത്രയിടങ്ങളിൽ സ്പെഷ്യൽ | (സി) | |

| | | | |
|---|---|---|---|
| | ഓഫീസർമാരെ നിശ്ചയിച്ചിട്ടുണ്ട്; എവിടെയെല്ലാം; എത്രയിട ങ്ങളിൽ കോളേജുകൾ ആരംഭിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | | 1. താനൂർ<br>2. കൊടുവള്ളി<br>3. കൊണ്ടോട്ടി<br>4. മങ്കട<br>5. ബാലുശ്ശേരി<br>6. തൃത്താല<br>7. ചേലക്കര<br>8. കാട്ടാക്കട<br>9. തലശ്ശേരി<br>10. പയ്യന്നൂർ<br>11. നെയ്യാറ്റിൻകര<br>12. നാദാപുരം<br>13. കോങ്ങാട്<br>എന്നീ അനുവദിക്കപ്പെട്ട കോളേജുകളിൽ സ്പെഷ്യൽ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്.<br><br>ഇവയിൽ<br>താനൂർ ,കൊടുവള്ളി , കൊണ്ടോട്ടി , മങ്കട, ബാലുശ്ശേരി , തൃത്താല , ചേലക്കര എന്നീ കോളേജുകളിൽ 2013-14 അദ്ധ്യയന വർഷം ക്ലാസ്സുകൾ ആരംഭിച്ചിട്ടുണ്ട്. ബാക്കി 6 കോളേജുകളിൽ ഈ അദ്ധ്യയന വർഷം ക്ലാസ്സുകൾ ആരംഭിക്കുന്നതാണ്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**